# നീര ഉൽപാദനം: സർക്കാർ അനുമതി വൈകുന്നതിൽ പ്രതിഷേധം

## നാളികേര ഉൽപാദക സംഘങ്ങളുടെ കൂത്താട്ടുകുളം ഫെഡറേഷൻ കേര കർഷക സംഗമം നടത്തി


നാളികേര ഉൽപാദക സംഘങ്ങളുടെ കൂത്താട്ടുകുളം ഫെഡറേഷൻ തിരുമാറാടിയിൽ സംഘടിപ്പിച്ച കേര കർഷക സംഗമം പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോസഫ് ബാബു ഉദ്ഘാടനം ചെയ്യുന്നു.

കൂത്താട്ടുകുളം ● സംസ്ഥാനത്തെ കേരകർഷകർക്കു നീര ഉൽപാദനത്തിനുള്ള അനുമതി വൈകുന്നതിൽ നാളികേര ഉൽപാദക സംഘങ്ങളുടെ കൂത്താട്ടുകുളം ഫെഡറേഷൻ പ്രതിഷേധം രേഖപ്പെടുത്തി. കേരകർഷകരുടെ രക്ഷയ്ക്കായി കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യുഡിഎഫ് പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനം ആണിതെന്നു ഫെഡറേഷൻ സംഘടിപ്പിച്ച കർഷകസംഗമം ചൂണ്ടിക്കാട്ടി.

ഫെഡറേഷനു കീഴിൽ ആറു പഞ്ചായത്തുകളിൽ നിന്നായി ഉൽപാദകസംഘങ്ങൾ വഴി ആദ്യഘട്ടത്തിൽ 2000 തെങ്ങുകൾ തിരഞ്ഞെടുക്കുകയും അവ ചെത്തുന്നതിനുള്ള അനുമതിക്കായി എറണാകുളം എക്സൈസ് കമ്മിഷണർക്ക് അപേക്ഷ നൽകുകയും ചെയ്തു. മാസങ്ങൾ കഴിഞ്ഞിട്ടും അനുമതി ലഭിക്കാത്തതിനാൽ മുഖ്യമന്ത്രിക്കു പരാതി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ധാന്യങ്ങളിൽ നിന്നും പഴവർഗങ്ങളിൽ നിന്നും മദ്യം ഉൽപാദിപ്പിക്കുന്നതു പോലെയാണ് തെങ്ങിന്റെ നീരയിൽ നിന്നും മദ്യം ഉൽപാദിപ്പിക്കുന്നതെന്നും അവയ്ക്കൊന്നുമില്ലാത്ത വിലക്ക് തെങ്ങിന് ഏർപ്പെടുത്തിയിരിക്കുന്നതു കേരകർഷകരോടുള്ള അനീതിയാണെന്നും ബോധ്യം വന്നതിനാലാണ് ഈ വിലക്ക് നീക്കം ചെയ്യുമെന്ന് യുഡിഎഫ് പ്രകടനപത്രികയിൽ വാക്ക് നൽകിയതെന്നും സംഗമം അഭിപ്രായപ്പെട്ടു.

പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റും ഫെഡറേഷൻ പ്രസിഡന്റുമായ ജോസഫ് ബാബു ഉദ്ഘാടനം നിർവഹിച്ചു. ടി.ജെ. ജോയി, ടി.പി. സണ്ണി, കെ.ബി. ശശിധരൻ, എം.ഐ. പവിത്രൻ, ജോർജുകുട്ടി പള്ളിപ്പാട്ട്, ഷൈൻ കെ. ജോസഫ്, ജോയി ഫിലിപ്പോസ്, വി.എസ്. ഏബ്രഹാം, ജോയി വർഗീസ്, എ.വി. ജോർജ്, ജോസ് ഐസക്, പി.കെ. ജോൺ, പി.വി. മത്തായി, അനിൽ എസ്. നായർ എന്നിവർ പ്രസംഗിച്ചു.

ഫെഡറേഷന്റെ ഓഫിസ് തിരുമാറാടിയിൽ ജോസഫ് ബാബു ഉദ്ഘാടനം ചെയ്തു.